കവർസ്റ്റോറി ●
റഹ്മാൻ മധുരക്കുഴി

# മതംമാറ്റവും ഹിന്ദുമതവും

'യേ യഥാമാം പ്രപദ്യന്തേ, താംസ്ത ഥൈവ ഭജമ്യഹാം, മമവർമാനുപർത്തന്തേ, മനുഷ്യാ പാർഥ സർവശ്യം' (ആരേത് തരത്തിൽ എന്നെ ശരണം പ്രാപിക്കുന്നുവോ, ആ തരത്തിൽ തന്നെ ഞാന വരെ അനുഗ്രഹിക്കുന്നു. ഏതു വിധത്തിലായാലും എന്റെ വഴി തന്നെയാണ് അനുവർത്തിക്കുന്നത്) എന്ന് ഉദ്ഘോഷിക്കുന്ന ഹൈന്ദവദർശനം മതം മാറാനും ഏതു വഴി സ്വീകരിക്കാനും സ്വാതന്ത്ര്യം നൽകുന്നു. ഹിന്ദുവിനോ മുസ്ലിമിനോ ക്രൈസ്തവനോ തന്റെ മതത്തിൽ വിശ്വാസമില്ലെന്നു വന്നാൽ അയാൾ ആ മതം മാറുക തന്നെ വേണമെന്നാണ് ശ്രീനാരായണ ഗുരു പറയുന്നത്. "ഹിന്ദുമതം, ക്രിസ്തുമതം എന്നിങ്ങനെ പ്രത്യേക നാമങ്ങളിൽ അറിയപ്പെടുന്ന മതങ്ങളിൽ ചേർന്നിരിക്കുന്നവരിൽ ഒരാൾക്ക് ആ മതത്തിൽ വിശ്വാസമില്ലെന്ന് വന്നാൽ അയാൾ ആ മതം മാറുകയാണ് വേണ്ടത്. വിശ്വാസമില്ലാത്ത മതത്തിൽ ഇരിക്കുന്നത് ഭീരുത്വവും കപടതയുമാണ്" (ശ്രീനാരായണഗുരു സ്വന്തം വചനങ്ങളിലൂടെ, പേജ് 54). സ്വന്തം മാതാപിതാക്കളുടെ മതത്തേക്കാൾ കൂടുതൽ സ്വീകാര്യമായ മതം മറ്റൊന്നാണെന്ന് ഒരാൾക്ക് ബോധ്യപ്പെട്ടാലും താൻ ജനിച്ചുവളർന്ന സമുദായത്തിന്റെ മതം അയാൾ ഒരിക്കലും മാറാൻ പാടില്ലെന്ന ചിലരുടെ വാദം നാരായണഗുരു അംഗീകരിച്ചിരുന്നില്ല. "ഓരോ വ്യക്തിക്കും ഓരോ മതമാണുള്ളതെന്നും, അച്ഛന്റെ മതമായതുകൊണ്ട് ഓരോ മതങ്ങളിൽ ഞാനും എത്തിച്ചേരുന്നു എന്ന രീതിയല്ല വേണ്ടത് എന്ന അഭിപ്രായമായിരുന്നു ഗുരുദേവനുണ്ടായിരുന്നത്" (ഗുരുപാദം തേടി, *കേസരി* 7.7.2002).

ഹിന്ദുക്കൾ മതപരിവർത്തനത്തിന് ശ്രമിച്ചിട്ടില്ലെന്ന ആർ.എസ്.എസ് സർസംഘ് ചാലക് കെ.എസ് സുദർശന്റെ അവകാശവാദം (*മാതൃഭൂമി* 21.8.2002) ശരിയല്ല. സ്വമതത്തിലേക്ക് ആളെ കൂട്ടാൻ ഹിന്ദുക്കൾ ചരിത്രത്തിൽ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. മതപുനരുദ്ധാരണ വാദിയായിരുന്ന ദയാനന്ദ സരസ്വതിയുടെ ആര്യസമാജത്തിന്റെ ഭാഗമായിരുന്ന ശുദ്ധിപ്രസ്ഥാനത്തിന്റെ ലക്ഷ്യം അഹിന്ദുക്കളെ ഹിന്ദുവത്കരിക്കുക എന്നതായിരുന്നു. ഹിന്ദുമതത്തിലേക്ക് ബുദ്ധ-ജൈന വിശ്വാസികളെ കൂട്ടത്തോടെ തിരിച്ചുകൊണ്ടുവരാൻ ചരിത്രത്തിൽ ശ്രമങ്ങളുണ്ടായിട്ടുണ്ട്. ഹിന്ദുക്കളായ ഹരേകൃഷ്ണ പ്രസ്ഥാനക്കാർ അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും അവരുടെ വിശ്വാസപ്രമാണങ്ങൾ പ്രചരിപ്പിക്കുകയും മറ്റു മതക്കാരെ ആ പ്രസ്ഥാനത്തിലേക്ക് മാറ്റിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഗുജറാത്ത്, രാജസ്ഥാൻ സംസ്ഥാനങ്ങളിൽ മുസ്ലിംകളെ ഹിന്ദുമതത്തിലേക്ക് കൂട്ടമായി മതംമാറ്റാൻ വി.എച്ച്.പി ശ്രമിച്ചുവരുന്നു. മധ്യപ്രദേശിൽ ക്രിസ്ത്യൻ


*സ്വാമി വിവേകാനന്ദൻ*

**ഹിന്ദുക്കൾ മതപരിവർത്തനത്തിന് ശ്രമിച്ചിട്ടില്ലെന്ന ആർ.എസ്.എസ് സർസംഘ് ചാലക് കെ.എസ് സുദർശന്റെ അവകാശവാദം ശരിയല്ല. മതപുനരുദ്ധാരണ വാദിയായിരുന്ന ദയാനന്ദ സരസ്വതിയുടെ ആര്യസമാജത്തിന്റെ ഭാഗമായിരുന്ന ശുദ്ധിപ്രസ്ഥാനത്തിന്റെ ലക്ഷ്യം അഹിന്ദുക്കളെ ഹിന്ദുവത്കരിക്കുക എന്നതായിരുന്നു. ഹിന്ദുമതത്തിലേക്ക് ബുദ്ധ – ജൈന വിശ്വാസികളെ കൂട്ടത്തോടെ തിരിച്ചുകൊണ്ടുവരാൻ ചരിത്രത്തിൽ ശ്രമങ്ങളുണ്ടായിട്ടുണ്ട്. ഹിന്ദുക്കളായ ഹരേകൃഷ്ണ പ്രസ്ഥാനക്കാർ അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും അവരുടെ വിശ്വാസപ്രമാണങ്ങൾ പ്രചരിപ്പിക്കുകയും മറ്റു മതക്കാരെ ആ പ്രസ്ഥാനത്തിലേക്ക് മാറ്റിയെടുക്കുകയും ചെയ്തിട്ടുണ്ട്.**


സമുദായക്കാരെ ഹിന്ദുമതത്തിലേക്ക് മാറ്റുന്നു. മധ്യപ്രദേശിലെ റായ്ഗഡ് ജില്ലയിലെ കുംചിച്ചുവാ ഗ്രാമത്തിൽ 1992 മാർച്ച് 24ന് 1500 ഓളം വനവാസികളായ ക്രിസ്ത്യാനികളെ ഹിന്ദുമതത്തിലേക്ക് മതംമാറ്റിയതിനെക്കുറിച്ച്, ബി.ജെ.പി മധ്യപ്രദേശ് സംസ്ഥാന ഉപാധ്യക്ഷനായിരുന്ന ദിലീപ് സിംഗ് അന്ന് പ്രതികരിച്ചത് 'ഇതൊരു മതംമാറ്റമല്ല; ദേശീയതാ പ്രവർത്തനമാണ്' (*കേസരി* 17.5.1992) എന്നായിരുന്നു.

രാജസ്ഥാനിലെ അജ്മീരിൽനിന്ന് 48,000 മുസ്‌ലിംകളെ ഹിന്ദുമതത്തിലേക്ക് 'തിരിച്ചെടുത്തു'വെന്നു റിപ്പോർട്ട് ചെയ്തത് *കേസരി* (2.4.1995) തന്നെയായിരുന്നു. ഗുജറാത്തിൽ മോഡി സർക്കാർ മതപരിവർത്തനത്തിന് സമ്മർദം ചെലുത്തുകയാണ്. ഒരു മുതിർന്ന സർക്കാർ ഉദ്യോഗസ്ഥൻ കഴിഞ്ഞ ജൂൺ 13ന് അഹ്‌വായിൽ വിളിച്ചുചേർത്ത യോഗത്തിൽ, മുസ്‌ലിംകൾ മതപരിവർത്തനത്തിന് തയാറാവുകയോ, ഗ്രാമം ഒഴിഞ്ഞുപോവുകയോ വേണമെന്ന് ആവശ്യപ്പെട്ടതായി ഗ്രാമവാസികൾ പറഞ്ഞുവെന്ന് അഹ്മദാബാദിൽനിന്ന് *മാധ്യമം* റിപ്പോർട്ടർ ഫാത്തിമ തൻവീർ എഴുതുകയുണ്ടായി (*മാധ്യമം* 18.09.2008).

## എന്തുകൊണ്ട് മതപരിവർത്തനം?

സ്വന്തം സമുദായം ഒരാളോട് കൃതഘ്നത കാട്ടുമ്പോഴാണ് അയാൾ മതം മാറുന്നതെന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്. അധഃസ്ഥിത സമൂഹം അനുഭവിക്കുന്ന പാരതന്ത്ര്യവും അവഗണനയുമാണ് അവരെ മതംമാറ്റത്തിന് പ്രേരിപ്പിക്കുന്നതെന്ന് ശ്രീനാരായണഗുരുവും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സ്വാമിയും ഗാന്ധിജിയും തമ്മിൽ നടന്ന സംഭാഷണത്തിൽനിന്ന്: "അധഃകൃത വർഗക്കാരുടെ അവശതകൾ തീർക്കുന്നതിന് അവർക്ക് വിദ്യാഭ്യാസവും ധനവും ഉണ്ടാകണം. നന്നാകാനുള്ള സൗകര്യം എല്ലാവരെയും പോലെ അവർക്കും ഉണ്ടാവണം. മതപരിവർത്തനം ചെയ്തവർക്ക് സ്വാതന്ത്ര്യങ്ങൾ ലഭിച്ചുവരുന്നതായി കാണുന്നുണ്ട്. അത് കാണുമ്പോൾ ജനങ്ങൾ മതപരിവർത്തനം നന്നെന്ന് പറയുന്നതിൽ അവരെ കുറ്റപ്പെടുത്താനാവില്ല" (ഗുരുപാദം തേടി, *കേസരി* 7.7.2002).

"ഹിന്ദുക്കളിലെ ഉയർന്ന ജാതിക്കാരിൽനിന്ന് ഇന്നുവരെ തൊഴി മാത്രം ലഭിച്ചിട്ടുള്ളവർ അവിടെ സ്നേഹത്തിനും പരിചരണത്തിനും ദാഹിച്ചുകഴിയുന്നു.



*ശ്രീനാരായണഗുരു*

**ഹിന്ദുക്കളിൽനിന്ന് മറ്റു മതങ്ങളിലേക്കുള്ള മതംമാറ്റത്തെ പ്രതിരോധിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ സ്വാമി ചിൻമയാനന്ദൻ പറഞ്ഞപോലെ, ഹിന്ദു സമൂഹത്തിൽ സ്നേഹത്തിനും പരിചരണത്തിനും ദാഹിച്ചു കഴിയുന്ന പ്രാന്തവത്കരിക്കപ്പെട്ട നിസ്സഹായരെ മനുഷ്യരായി കാണാൻ സന്നദ്ധമാവുകയാണ് ആദ്യം വേണ്ടത്.**

അവരോട് ഹൃദയത്തിന്റെ ഭാഷയിൽ സംസാരിക്കുക. ഹിന്ദു സഹോദരങ്ങളിൽനിന്ന് തൊഴിയും ക്രിസ്ത്യാനികളിൽനിന്നും മുസ്‌ലിംകളിൽനിന്നും സ്നേഹവും എന്നതാണ് ഹരിജനങ്ങളുടെ അനുഭവം" എന്ന് സ്വാമി ചിൻമയാനന്ദൻ പറഞ്ഞ വാക്കുകൾ (*കേസരി* 1982 നവംബർ 21) മതപരിവർത്തനത്തിന്റെ പേര് പറഞ്ഞ്, ക്രൈസ്തവ സമൂഹത്തിനു നേരെ വാളോങ്ങുന്നവർ ഓർക്കുന്നത് നന്ന്. "ഒരു പരിധിവരെ, തമിഴ്നാട്ടിൽ ഈയിടെ ഉണ്ടായ ഇസ്‌ലാമിലേക്കുള്ള മതപരിവർത്തനത്തിന് കാരണം ജാതീയമായി താഴ്ന്ന വിഭാഗങ്ങൾ അനുഭവിക്കേണ്ടി വന്ന കഷ്ടതകളാണെന്നത് ഒരു വസ്തുത മാത്രമാണ്" (*കേസരി* മുഖപ്രസംഗം 1982 ഫെബ്രു 7) എന്ന് മറ്റു മതങ്ങളിലേക്കുള്ള മതംമാറ്റത്തെ ശക്തിയുക്തം എതിർക്കുന്നവർ പോലും സമ്മതിക്കാൻ നിർബന്ധിതരായി.

"ഗതിയില്ലാത്തവരെ വലിയ മനസ്സുമായി സ്വീകരിക്കുവാൻ കാത്തുനിൽക്കുന്ന ഒരുപാട് ക്രിസ്ത്യൻ സ്ഥാപനങ്ങളുണ്ട്. ഭൂരിപക്ഷമാണ്, പതിനായിരം വർഷങ്ങളുടെ പാരമ്പര്യമുണ്ടെന്നൊക്കെ നാം ഉറക്കെ പറയുന്നു. ഗതിയില്ലാത്തവർക്ക് വേണ്ടി എന്തു ചെയ്യുന്നുവെന്ന ചോദ്യം എരിഞ്ഞ് നിങ്ങളുടെയൊക്കെ മനസ്സിലുയരട്ടെ" -പ്രശസ്ത കവയിത്രി സുഗതകുമാരിയുടെ ഈ ആത്മവിമർശനം (*കേസരി* 2004 ജൂലൈ 11) ആയുധമെടുക്കുന്നവരെ പുനർവിചിന്തനത്തിന് പ്രേരിപ്പിക്കുമോ?

## പ്രകോപനപരമായ പ്രതിരോധം?

"മതംമാറ്റം തടഞ്ഞില്ലെങ്കിൽ ഹിന്ദുക്കൾ ന്യൂനപക്ഷമായിത്തീരുന്ന സ്ഥിതിവിശേഷം സംജാതമാകും" (*കേസരി* 1982 നവം 14). ക്രൈസ്തവർക്കെതിരെ ഇപ്പോൾ അഴിച്ചുവിട്ടിരിക്കുന്ന ഹിന്ദു തീവ്രവർഗീയവാദികളുടെ വഴിവിട്ട ചെയ്തികളുടെ പിന്നിൽ പ്രവർത്തിക്കുന്നത് ഈ ഭയപ്പാടാണ്. "ഹിന്ദുമതമെന്നത് സവർണത മാത്രമാണ് എന്ന് ദർശിച്ച ഫാഷിസ്റ്റ് ഹൈന്ദവതക്ക് അധഃസ്ഥിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ മാനവികമായ പദ്ധതികൾ ഒന്നും ഉണ്ടായിരുന്നില്ല- ഇപ്പോഴുമില്ല. അതുകൊണ്ടാണ് ക്രിസ്തീയ മതത്തിലേക്ക് പോയ ദലിതുകളെ കഴുത്തിൽ കത്തിവെച്ച് അവരെ ഹിന്ദുമതത്തിലേക്ക് തിരികെ കൊണ്ടുവരാൻ അവർ ശ്രമം നടത്തുന്നത്" (പി. സുരേന്ദ്രൻ, മതം മാറ്റം ഒരു പ്രതിരോധമാണ്, *മംഗളം* 25.9.08).

ഹിന്ദുക്കളിൽനിന്ന് മറ്റു മതങ്ങളിലേക്കുള്ള മതംമാറ്റത്തെ പ്രതിരോധിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ സ്വാമി ചിൻമയാനന്ദൻ പറഞ്ഞപോലെ, ഹിന്ദു സമൂഹത്തിൽ സ്നേഹത്തിനും പരിചരണത്തിനും ദാഹിച്ചു കഴിയുന്ന പ്രാന്തവത്കരിക്കപ്പെട്ട നിസ്സഹായരെ മനുഷ്യരായി കാണാൻ സന്നദ്ധമാവുകയാണ് ആദ്യം വേണ്ടത്. ■